


# ടച്ച് മീ

TOUCH ME

ആഗസ്റ്റ് 2024

12TH YEAR OF REMEMBRANCE



# C. P.BABY

## (PAVOOS)

MARCH 15, 1938-AUGUST 11,2012

CHUNGATH HOUSE
KUNNAMKULAM



ESTD : 1747


# ടച്ച് മീ

TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 16 – 2024 ആഗസ്റ്റ് – ലക്കം : 12



സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എം.എൽ. മാണി** 94463 91580
**ജോപോൾ വി. ആലപ്പാട്ട്** 94467 23804
**പോയ്സ് ജേബി** 99611 18927


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| ജൂനിയർ സി.എൽ.സി. | 6 |
| വിശ്വാസപരിശീലനം | 7 |
| ഇടവക ചെറിയതിരുനാൾ കമ്മിറ്റി | 8 |
| സഭാ വാർത്തകൾ | 9 |
| അഭിപ്രായങ്ങളും വെല്ലുവിളികളും | 11 |
| സെന്റ് തോമസ് വാർഷികം | 13 |
| അമ്മ, എന്റെ നല്ല അമ്മ | 14 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| പ്രതിനിധിയോഗ വാർത്തകൾ | 17 |
| മറിയം സ്വർഗ്ഗാരോപിത | 18 |
| ഒ.സി.ഡി. | 20 |
| സംഘടനാ വാർത്തകൾ | 22 |
| ഇടവക ആൽബം | 24 |
| വഴിവിളക്ക് | 25 |
| പുസ്തകപരിചയം | 26 |
| മിഴിവിളക്ക് | 27 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവുമായി ഓഗസ്റ്റ് വന്നെത്തി. സ്വാതന്ത്ര്യദിനമെന്നാൽ ഇന്ത്യക്കാർക്ക് ആഘോഷത്തിന്റെ മറ്റൊരു ദിനമല്ല. രാജ്യത്തിന് വേണ്ടി അവസാന ശ്വാസം വരെ പോരാടിയ അസംഖ്യം സ്വാതന്ത്ര്യസമര സേനാനികളുടെ ത്യാഗത്തെ ഓർമ്മിപ്പിക്കുന്ന ഒരു വികാരമാണത്. നാനാജാതി മത ഭാഷ വർണ്ണ വർഗ്ഗ ലിംഗ വിവേചനങ്ങൾക്കപ്പുറത്ത് ഒരേ മാതൃരാജ്യത്തിലെ അംഗങ്ങളാണ് നാം എന്ന ചിന്ത നമ്മെ കൂടുതൽ ചേർത്തു നിർത്തേണ്ടതുണ്ട്. ദേശീയത എന്ന വികാരം അവനവനിൽ നിന്ന് ഇറങ്ങി നടക്കാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വാർത്ഥതയുടേയും അസഹിഷ്ണുതയുടേയും വർത്തമാനകാല സാഹചര്യങ്ങൾ സ്വാതന്ത്ര്യചിന്തകൾക്ക് മങ്ങലേൽപ്പിക്കുന്നുണ്ടോ?

സ്വാർത്ഥത വെടിയാനും കൂടെയുള്ളവനെ കരുതാനും നമുക്ക് സാധിക്കുന്നുണ്ടോ? അമേരിക്കയിൽ ഒരാൾ സ്വാതന്ത്ര്യദിനമാഘോഷിക്കവേ ആവേശാധിക്യത്താൽ മുഷ്ടി ചുരുട്ടി വീശി. അത് മറ്റൊരാളുടെ മൂക്കുവരെ നീണ്ടു. അപ്പോൾ അയാൾ സ്വാതന്ത്ര്യദാഹക്കാരനോട് പറഞ്ഞു. Your Freedom ends where my nose begins. എന്റെ മൂക്ക് ആരംഭിക്കുന്നിടത്തുനിന്ന് നിന്റെ സ്വാതന്ത്ര്യം അവസാനിക്കുന്നു.

അന്യന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടാത്ത വിധത്തിലായിരിക്കണം ഒരു വ്യക്തി തന്റെ സ്വാതന്ത്ര്യാവകാശം ഉപയോഗപ്പെടുത്തേണ്ടത്.

ക്രിസ്തുവിൽ പാപത്തിന്റെ അടിമത്തത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെട്ടവരാണ് നാം എന്ന ബോധ്യത്തോടെ സ്നേഹവും കരുതലും കൈമുതലാക്കിക്കൊണ്ട് നമ്മുടെ നാടിന്റെ വിളക്കും പ്രകാശവുമായിത്തീരാൻ നമുക്ക് പരിശ്രമിക്കാം.

ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റേയും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും ആശംസകൾ.

ടച്ച് മീ
എഡിറ്റോറിയൽ ബോർഡ്



# ഇടയമൊഴി

പ്രിയ ഇടവക ജനമേ,

പരി. കന്യകാമറിയം യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. ആന്തരീക സ്വാതന്ത്ര്യം അനുഭവിച്ച പ്രഥമ വനിത പരി കന്യകാമറിയമാണെന്ന് പറയാം. 'ദൈവകൃപ നിറഞ്ഞവളേ' എന്ന അഭിസംബോധനയിൽ മറിയം പാപരഹിതയാണെന്നുള്ള സൂചന കാണാം. തനിക്ക് ലഭിച്ച ഈ ആന്തരിക സ്വാതന്ത്ര്യത്തെ മംഗളവാർത്തയ്ക്കുശേഷം തന്റെ ഇളയമ്മയെ ശുശ്രൂഷിക്കാനുള്ള യഥാർത്ഥ സ്വാതന്ത്ര്യമായി അവൾ പ്രഖ്യാപിച്ചത് വഴി മറിയം സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി വിളങ്ങുന്നു. 1854 ഡിസംബർ 8ന് 9-ാം പീയൂസ് മാർപാപ്പ 'ഇന്നെഫിബിലിസ് ദേയൂസ്' എന്ന പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തെക്കുറിച്ചുള്ള ചാക്രിക ലേഖനത്തിൽ പ്രഖ്യാപിച്ചത് ഈ സത്യമായിരുന്നു.

മറിയത്തിന്റെ സ്വാതന്ത്ര്യം നന്മ ചെയ്യാനുള്ള സ്വാതന്ത്ര്യമായിരുന്നു. അതവൾക്കൊരു ശിക്ഷയായിരുന്നില്ല. മറ്റുള്ളവരിലേക്ക് അടിച്ചേല്പിക്കാനുള്ള ഒരു ശിക്ഷയായിരുന്നില്ല അത്. അവൾ മനുഷ്യകുലത്തിന് ഒരു ഭാരവും ആയിരുന്നില്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യം ഇന്ന് പലർക്കും ഒരു ഭാരമായി തോന്നുന്നുണ്ടെങ്കിൽ അതിനു കാരണം മറിയം അനുഭവിച്ച ആന്തരിക സ്വാതന്ത്ര്യം നമുക്കില്ലാത്തത് കൊണ്ടാണ്. ഭാരതത്തിന് മുഴുവൻ ഈ ആന്തരീക സ്വാതന്ത്ര്യം ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കാം. ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റേയും സ്വർഗ്ഗാരോപണ തിരുനാളിന്റേയും എല്ലാ മംഗളങ്ങളും നേരുന്നു.

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

# ഇടവക വാർത്തകൾ

**ആഗസ്റ്റ് 4 ഞായർ - വിയാനി തിരുനാൾ**

7.30 am : നൊവേന, പുഷ്പാർച്ചന, വിയാനി ഡേ ആചരണം
(നേതൃത്വം : അൾത്താര സംഘം)

**ആഗസ്റ്റ് 9 വെള്ളി - ഒൻപതാം വെള്ളിയാചരണം**

NB : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല

8.30 am : ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല & കുമ്പസാരം
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)

5.30 pm : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം
(നേതൃത്വം : ആത്മായ പ്രേഷിത സമിതി)

6.00 pm : കാഴ്ചസമർപ്പണം & തിരിതെളിയിക്കൽ, ആഘോഷമായ വി. കുർബാന, സന്ദേശം, സ്നേഹപകാരസമർപ്പണം, തിരുആട സമർപ്പണം & നേർച്ച ഊട്ട്
(നേതൃത്വം : ആത്മായ പ്രേഷിത സമിതി)

**ആഗസ്റ്റ് 10 ശനി - അൾത്താര സംഘ ദിനം & കുടുംബസംഗമം**

6.00 pm : അൾത്താര സംഘദിന വാർഷിക പൊതുയോഗം
സമ്മാനദാനം, ആദരണീയം, കുടുംബസംഗമം,
സ്നേഹവിരുന്ന് & കലാവിരുന്ന്
(നേതൃത്വം : അൾത്താരസംഘം)

**ആഗസ്റ്റ് 11 ഞായർ - ജീവൻ സംരക്ഷണ ദിനം & മെഡിക്കൽ ക്യാമ്പ് 2K24**

9.00 am : ജീവൻ സംരക്ഷണ നയപ്രഖ്യാപനം & പ്രതിജ്ഞ
(നേതൃത്വം : സ്റ്റുഡൻസ് കൗൺസിൽ)

9.15 am : അലിവ് കാരുണ്യ സമർപ്പണം
(നേതൃത്വം : യൂത്ത് സി.എൽ.സി.)

10.30 am : ഹോമിയോ – ആയുർവേദ സൗജന്യ മെഡിക്കൽ ക്യാമ്പ്
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)

**ആഗസ്റ്റ് 13 ചൊവ്വ - വി. ജോൺ ബെർക്കുമൻസ് തിരുനാൾ & പതാക വന്ദനം**

6.15 am : ലദ്ദീഞ്ഞ്, നൊവേന, കാഴ്ചസമർപ്പണം & പുഷ്പാർച്ചന

6.30 am : തിരുനാൾ കുർബാന, സന്ദേശം, കാരുണ്യസമർപ്പണം
നേർച്ച വിതരണം
(നേതൃത്വം : അൾത്താരസംഘം)

7.15 am : പതാകവന്ദനം & അംഗത്വനവീകരണം
(നേതൃത്വം : അൾത്താരസംഘം)

## ആഗസ്റ്റ് 15 വ്യാഴം - സ്വർഗ്ഗാരോപണ തിരുനാൾ, യൂത്ത് സി.എൽ.സി. ദിനം

6.15 am : സി.എൽ.സി. പതാകവന്ദനം, ലദ്ദീഞ്ഞ്, നൊവേന, കാഴ്ചസമർപ്പണം
6.30 am : തിരുനാൾ കുർബ്ബാന, സന്ദേശം, കതിരൊളി സപ്ലിമെന്റ് പ്രകാശനം, ഗ്രാജുവേഷൻ സെറിമണി & നേർച്ച വിതരണം
(നേതൃത്വം : യൂത്ത് സി.എൽ.സി. & പി.ടി.എ.)
7.30 am : ദേശീയ പതാകവന്ദനം & മരിയൻ സൈക്കിൾ റാലി
(നേതൃത്വം : ജൂനിയർ സി.എൽ.സി.)
5.30 pm : കുട്ടികൂട്ടായ്മ കലാവിരുന്ന്
(നേതൃത്വം : കുട്ടികൂട്ടായ്മ)
7.00 pm : യൂത്ത് സി.എൽ.സി. ദിനം പൊതുയോഗം, മെറിറ്റ് ഡേ, സമ്മാനവിതരണം, ആദരണീയം & യുവ 2K24

## ആഗസ്റ്റ് 16 വെള്ളി - ഒന്നാം വെള്ളിയാചരണം

5.45 am : ആരാധന, കരുണക്കൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

## ആഗസ്റ്റ് 18 ഞായർ- അംഗത്വ സ്വീകരണ - നവീകരണ വാരം

7.30 am : കത്തോലിക്ക കോൺഗ്രസ്സ്, അംഗത്വ സ്വീകരണ നവീകരണ വാരം
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)

## ആഗസ്റ്റ് 23 വെള്ളി - രണ്ടാം വെള്ളിയാചരണം

5.45 am : ആരാധധന, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

## ആഗസ്റ്റ് 25 ഞായർ - കാരംസ് ടൂർണമെന്റ് & ഏയ്ഞ്ചൽസ് ഡേ

10.30 am : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം
2.00 pm : കത്തോലിക്കാ കോൺഗ്രസ്സ് ദിനാചരണത്തിന് ഒരുക്കമായി കുടുംബ കൂട്ടായ്മകൾക്കായി ഒരുക്കുന്ന കാരംസ് ടൂർണ്ണമെന്റ്
(നേതൃത്വം : കത്തോലിക്ക കോൺഗ്രസ്സ്)

## ആഗസ്റ്റ് 29 വ്യാഴം - വി. ഏവുപ്രാസ്യമ്മയുടെ തിരുനാൾ & സമർപ്പിത സംഗമം

6.30 am : തിരുനാൾ കുർബാന, സന്ദേശം, ആദരം, നേർച്ചവിതരണം
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
6.00 pm : സമർപ്പിത സംഗമം
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)

## ആഗസ്റ്റ് 30 വെള്ളി : മൂന്നാം വെള്ളിയാചരണം

5.45 am : ആരാധന, കരുണകൊന്ത
6.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം

ജൂനിയർ സി.എൽ.സി. പംക്തി



# ഇതാ, കർത്താവിന്റെ ദാസി!

ലിസ്റ്റ് മിസ്റ്റിക സിജോ

എനിക്കേറ്റവും പ്രിയപ്പെട്ട ദൈവവചനമാണ് "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1:38). ഗബ്രിയേൽ ദൂതന്റെ മംഗളവാർത്തയ്ക്ക് പരിശുദ്ധ അമ്മ നല്കിയ മറുപടിയാണ് ഈ വചനം. പരിശുദ്ധ അമ്മയുടെ ഈ സമ്മതമാണ് എനിക്ക് എന്റെ ഈശോയെ നല്കിയത്. ജീവിതത്തിലെ സഹനങ്ങളിലും വ്യാകുലങ്ങളിലും എളിമയോടെ ദൈവഹിതത്തിന് വിധേയപ്പെട്ട പരാതികളില്ലാതെ ഇതാ, കർത്താവിന്റെ ദാസി! എന്ന മനോഭാവത്തോടെ പരിശുദ്ധ അമ്മ ജീവിച്ചു. സ്വന്തം മകന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും സാക്ഷിയായ അമ്മ ഒരിക്കൽ പോലും ദൈവത്തോട് പരാതി പറഞ്ഞിട്ടില്ല.

ജീവിതത്തിൽ ഒരു സഹനമോ രോഗമോ തകർച്ചയോ വരുമ്പോഴേക്കും അമ്മയുടെ മക്കളായ നമ്മൾക്ക് ദൈവത്തോട് അനേകം പരാതികളാണ്. ഈ അമ്മയെ ചേർത്തുപിടിക്കാത്തതാവാം നമ്മുടെ ദുഃഖത്തിനു കാരണം. ഉയർന്ന വിജയങ്ങളും സ്ഥാനമാനങ്ങളും ലഭിക്കുമ്പോൾ അഹങ്കരിക്കാതെ ദൈവത്തിൽ ആശ്രയിച്ച് പരിശുദ്ധ അമ്മയെപ്പോലെ നമുക്ക് എളിമയുള്ളവരായിരിക്കാം. ദൈവത്തെപ്പോലെയാകണമെന്ന ലൂസിഫറിന്റേയും കൂട്ടാളികളുടേയും അഹങ്കാരം അവരെ നരകത്തിലേക്ക് എറിയിച്ചെങ്കിൽ പരിശുദ്ധ അമ്മയുടെ എളിമ അമ്മയെ നാരകീയ സർപ്പത്തിന്റെ തല ചവിട്ടി തകർക്കുന്നവളാക്കി. സാത്താനെതിരെ അമ്മ നമുക്ക് നൽകുന്ന ആയുധങ്ങളാണ് ജപമാലയും ഉത്തരീയവും. ആദ്യത്തെ ജീവിക്കുന്ന സക്രാരിയായ പരിശുദ്ധ അമ്മ നമ്മെ ദിവ്യകാരുണ്യ ഈശോയിലെത്തിക്കുന്നു.

പരിശുദ്ധ അമ്മയുടെ എളിമ നിറഞ്ഞ ജീവിതമാണ് അമ്മയെ സ്വർഗ്ഗഭൂലോക രാജ്ഞിയാക്കി ഉയർത്തിയത് മരിയമക്കളായ നമുക്ക് അമ്മയോട് പ്രാർത്ഥിക്കാം.

"എളിമയെന്ന പരമപുണ്യം
തരണമെന്നമ്മേ
നിന്റെ എളിയമക്കൾക്ക്
നിന്റെ എളിയ മക്കൾക്ക്"






**പി. എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? മഴ വീണ്ടും ശക്തിപ്രാപിക്കുകയാണ്. രോഗങ്ങളും അപകടങ്ങളും വരാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. നമ്മുടെ വിശ്വാസപരിശീലന ക്ലാസ്സുകൾ നന്നായി മുന്നോട്ടു പോകുന്നുണ്ട്. സമയത്തിന് തന്നെ വരാൻ എല്ലാ കുട്ടികളും പ്രത്യേകം ശ്രദ്ധിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. അതിനായി കുട്ടികളെ ഒരുക്കുന്ന മാതാപിതാക്കൾക്ക് അഭിനന്ദനങ്ങൾ.

പഠനത്തോടൊപ്പം വിവിധ പരിപാടികളും നടക്കുന്നുണ്ട്. എല്ലാത്തിലും നമ്മുടെ കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. പോയിന്റുകൾ വാരിക്കൂട്ടാൻ എല്ലാവർക്കും ആവേശമുണ്ട്. അത് തുടർന്ന്പോകട്ടെയെന്ന് ആശംസിക്കുന്നു.

ആഗസ്റ്റ് മാസത്തിലും മത്സരങ്ങളുണ്ട്. അവയിൽ പങ്കെടുക്കുക, വിജയം നേടുക. അതോടൊപ്പം പാഠഭാഗങ്ങളും പ്രാർത്ഥനകളും പഠിക്കുക. പരിശുദ്ധ കന്യകാമാതാവിവിന്റെ തിരുനാളിന്റേയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും ആശംസകൾ നേരുന്നു.

സ്നേഹത്തോടെ,
ലില്ലിടീച്ചർ

## ഇടവക പൊതുയോഗം

**2024 ആഗസ്റ്റ് 25 ഞായറാഴ്ച രാവിലെ 7.30ന്** ഇടവകയുടെ പൊതുവായ സ്ഥിതി ചർച്ച ചെയ്യുന്നതിനും, സമഗ്രമായ വളർച്ചയ്ക്ക് ഉപകാരപ്രദമായ ആശയങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും വേണ്ടി കൂടുന്ന **വാർഷിക പൊതുയോഗത്തിൽ** ഇടവകയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും കുടുംബനാഥൻ/കുടുംബനാഥ/ മാതാപിതാക്കളുടെ കത്തുമായി 21 വയസ്സ് പൂർത്തിയായ മകൻ, നിർബന്ധമായും പങ്കെടുക്കുവാൻ താൽപ്പര്യപ്പെടുന്നു. ഈ യോഗത്തിൽ വെച്ച് **കൈക്കാരന്മാരുടെ പാനലിലേക്കുള്ള തെരഞ്ഞെടുപ്പ്** നടത്തുന്നതായിരിക്കും.

*എന്ന്, വികാരി*

## സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

# ഇടവക ചെറിയ തിരുനാൾ

### ചിറളയം സെന്റ് മേരീസ് കപ്പേള - പരി. മാതാവിന്റെ ജനന തിരുനാൾ (സെപ്തം. 8)

**തിരുനാൾ കമ്മിറ്റി - 2024**

*ചെയർമാൻ*




**റവ. ഫാ. ഡെയ്സൻ മുണ്ടോപുറം**
(ഇടവക വികാരി)

*വൈസ് ചെയർമാൻമാർ*



**സിസ്റ്റർ ആൻജോസ് CMC**
(സിസ്റ്റർ സുപ്പീരിയർ)



**എം.എൽ. മാണി**
(കൈക്കാരൻ)



**ജോപോൾ വി. ആലപ്പാട്ട്**
(കൈക്കാരൻ)




**പോയ്സ് ജേബി**
(കൈക്കാരൻ)

*ജന. കൺവീനർ*



**ഫ്ളോറൻസ് ലോയ്ഡ്**

*ജോ. ജന. കൺവീനർ*



**കെ.ജി. ബാബു**

*സബ് കമ്മിറ്റി കൺവീനർമാർ*




**ലിയോൺ ജോർജ്ജ്**
(ഫിനാൻസ്)




**ജാൻസി ആന്റോ**
(ലിറ്റർജി)



**പി.ആർ. സജി**
(വർണ്ണമഴ)



**വി.ജെ. സുനിൽ**
(ഫുഡ്)



**സി.എം. സാംസൺ**
(പ്രസഷൻ)

പാവനസ്മരണയ്ക്ക്

## 12-ാം ചരമവാർഷികം

25-08-2024



## ആലപ്പാട്ട് പോൾ

# വിജിലിയൂസ്

**തൃശൂർ റോഡ് - കുന്നംകുളം**

ജനനം
02-03-1942

മരണം
25-08-2012

*സ്മരണകളോടെ : സന്തപ്ത കുടുംബാംഗങ്ങൾ*



# സ്മരണാഞ്ജലി

10-ാം ചരമവാർഷികം



*ജനനം*
*23 – 11 – 1950*

**കല്ലച്ചൻമുറി**

## പൈലി മാത്യു

*മരണം*
*14 – 08 – 2014*

കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ
ചിറളയം, കുന്നംകുളം

സ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ



# സഭാ വാർത്തകൾ

**അനാവശ്യ 'ഭാണ്ഡക്കെട്ടുകൾ' നമ്മെ തളർത്തുകയും യാത്രക്ക് തടസം സൃഷ്ടിക്കുകയും ചെയ്യും**

വത്തിക്കാൻ സിറ്റി: ദൈവത്തിന്റെ ആനന്ദവും സ്നേഹവും പൂർണതയിൽ അനുഭവിക്കുന്നതിനായി അനാവശ്യ ഭാണ്ഡക്കെട്ടുകൾ ഒഴിവാക്കണമെന്ന ഓർമപ്പെടുത്തലുമായി ഫ്രാൻസിസ് മാർപാപ്പ. ത്രികാലജപപ്രാർത്ഥനയോടനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് അനാവശ്യ ഭാണ്ഡക്കെട്ടുകൾ നമ്മെ തളർത്തുകയും ജീവിതയാത്രക്ക് തടസം സൃഷ്ടിക്കുകയും ചെയ്യുമെന്ന് പാപ്പ പറഞ്ഞത്. ഈരണ്ടു പേരെയായി ശിഷ്യൻമാരെ അയക്കുന്ന സമയത്ത് കൂടെ വളരെ കുറച്ചു സാധനങ്ങൾ മാത്രം കൊണ്ടുപോകാൻ ശിഷ്യൻമാരോട് യേശു നിർദേശിക്കുന്ന വചനഭാഗം പാപ്പ വിശദീകരിച്ചു.

വസ്തുക്കളും കഴിവുകളും പക്വതയോടെ ഉപയോഗിക്കേണ്ടത് എപ്രകാരമാണ് എന്ന് അറിഞ്ഞിരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. സ്വാതന്ത്ര്യം അനുഭവിക്കുന്നതിന് ഉപരിപ്ലവമായ കാര്യങ്ങൾ നാം ഉപേക്ഷിക്കണം. അന്തസോടെ ജീവിക്കുവാനും തങ്ങളുടെ മിഷനിൽ കാര്യക്ഷമമായ സംഭാവനകൾ നൽകുവാനും ആവശ്യമായവ എല്ലാവർക്കും ഉണ്ടായിരിക്കുകയും വേണം. അതോടൊപ്പം മുൻവിധികളും പിടിവാശികളും ഒഴിവാക്കി ചിന്തകളിലും വികാരങ്ങളിലും വിവേകം പുലർത്തുവാൻ കഴിയണം.

**മണിപ്പൂരിൽ കത്തോലിക്കസഭ 600 വീടുകൾ നിർമ്മിക്കും**

ഇംഫാൽ: മണിപ്പൂരിലെ കലാപത്തിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ഇംഫാൽ രൂപത 600 വീടുകൾ നിർമ്മിച്ചുനൽകും. ഭൂരിഭാഗവും ക്രൈസ്തവവിശ്വാസികളായ കുക്കി ഗോത്രത്തിൽപ്പെട്ടവർക്കുവേണ്ടിയാണ് അതിരൂപത 600 വീടുകളുടെ നിർമ്മാണ പദ്ധതി തയാറാക്കിയിരിക്കുന്നതെന്ന് ഇംഫാൽ രൂപത വികാരി ജനറാൾ ഫാ. വർഗീസ് വേലിക്കകം പറഞ്ഞു. അദ്ദേഹമാണ് മണിപ്പൂരിലെ സഭയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്നത്.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

## *ജൂലൈ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വാനയകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ*

| *തിയ്യതി* | *കുടുംബകൂട്ടായ്മ* |
|---|---|
| *ആഗസ്റ്റ് 04 ഞായർ* | *സെന്റ് തോമസ് കുടുംബകൂട്ടായ്മ* |
| *ആഗസ്റ്റ് 11 ഞായർ* | *സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ* |
| *ആഗസ്റ്റ് 18 ഞായർ* | *സെന്റ് സേവ്യർ കുടുംബകൂട്ടായ്മ* |
| *ആഗസ്റ്റ് 25 ഞായർ* | *സെന്റ് ജോസഫ് കുടുംബകൂട്ടായ്മ* |



# അഭിപ്രായങ്ങളും വെല്ലുവിളികളും

ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്

പുതിയൊരു ഭൂഖണ്ഡം കണ്ടുപിടിക്കാനുള്ള ആവേശത്തോടെ ക്രിസ്റ്റഫർ കൊളംബസ് സ്പെയിനിൽ നിന്നും യാത്ര ആരംഭിച്ചു. 19 നാവികരും അദ്ദേഹത്തോടൊപ്പം കപ്പലിൽ ഉണ്ടായിരുന്നു. ഏതു പ്രതിബന്ധങ്ങളേയും നേരിടാനുള്ള ആത്മവിശ്വാസത്തോടെ അവരാരംഭിച്ച യാത്ര ക്രമേണ അവരെ തളർത്തുവാൻ തുടങ്ങി. ആഴ്ചകൾ കഴിഞ്ഞിട്ടും കരയൊന്നും കാണാൻ കഴിഞ്ഞില്ല. 24 ദിവസങ്ങൾ കഴിഞ്ഞപ്പോൾ കപ്പലിലെ ഭക്ഷണസാധനങ്ങളുടെ ചുമതല വഹിക്കുന്ന റൊണാൾഡ് പറഞ്ഞു. ഇനിയും കപ്പലിലുള്ള ഭക്ഷണസാധനങ്ങൾ 20 ആളുകൾക്ക് അടുത്ത 24 ദിവസത്തേക്ക് മാത്രമേ തികയൂ. യാത്ര മുന്നോട്ട് തുടർന്നാൽ ലക്ഷ്യം കണ്ടെത്താതെ മടങ്ങിപോകാൻ തീരുമാനിച്ചാലും തിരിച്ച് നാട്ടിലെത്താൻ കഴിയില്ല. ജീവനോടെ സ്പെയിനിൽ തിരിച്ചെത്തണമെങ്കിൽ 24 ദിവസം മടക്കയാത്രക്ക് വേണം. കൊളമ്പസ് ഒഴികെയുള്ള 19 പേരും കപ്പൽ തിരിച്ചുവിടുവാൻ തീരുമാനമെടുക്കുകയും കൊളംബസിനെ ബന്ധനസ്ഥനാക്കുകയും ചെയ്തു. അപ്പോൾ കൊളംബസ് പറഞ്ഞു; കപ്പലിൽ 20 പേർക്കുള്ള ഭക്ഷണം 24 ദിവസത്തേക്കുണ്ടല്ലോ, അതിൽ ഞാനും ഒരാൾ ആണല്ലോ. ഞാൻ ഭക്ഷണം കഴിച്ചില്ലെങ്കിൽ എന്റെ 29 ദിവസത്തെ ഭക്ഷണം ബാക്കിയുള്ളവർക്ക് ഒരു ദിവസത്തെ ആഹാരത്തിനുകൂടി തികയും. കപ്പൽ മുമ്പുപോയ ദിശയിൽ ഒരു ദിവസം കൂടി നയിക്കുക. ഇതിനിടയിൽ കര കണ്ടില്ലെങ്കിൽ എന്നെ കടലിലേക്ക് എറിഞ്ഞുകളഞ്ഞോ മിച്ചം വരുന്ന ഭക്ഷണ സാധനങ്ങൾ ഉപയോഗിച്ചു നിങ്ങൾക്ക് മടങ്ങി നാട്ടിലെത്താൻ കഴിയുമല്ലോ. ഈ വാക്കുകൾ അവരുടെ ഹൃദയത്തെ സ്പർശിച്ചു. അവർ കൊളംബസിനെ കെട്ടിയിട്ടിരുന്ന കയർ അഴിച്ചു. 20 മണിക്കൂറിനുള്ളിൽ അവർ കര കണ്ടെത്തി. പുതിയ ഭൂമി എന്നു വിളിക്കപ്പെടുന്ന അമേരിക്ക കണ്ടുപിടിച്ചത് അന്നാണ്.

മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് മാത്രം ജീവിതം ക്രമപ്പെടുത്തുന്നവർക്ക് വിജയത്തിന്റെ ചവിട്ടുപടികൾ കയറാൻ കഴിയുകയില്ല. കൊളംബസ് ബാക്കിയുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടിരുന്നെങ്കിൽ അദ്ദേഹം അമേരിക്ക എന്ന രാജ്യം കണ്ടുപിടിക്കുമായിരുന്നില്ല. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്ത് അഭിപ്രായപ്പെടുന്നു എന്നതിനേക്കാൾ ഉപരി ദൈവം നമ്മെകുറിച്ച് എന്തു ചിന്തിക്കുന്നു,

നമ്മളിൽ നിന്നു എന്തു പ്രതീക്ഷിക്കുന്നു എന്നു നമുക്ക് ചിന്തിക്കാം. ദൈവത്തിന്റെ തിരുവിഷ്ടം നടപ്പിലാക്കാൻ ആണല്ലോ അവിടുന്ന് നമ്മെ വിളിച്ചത്. സുപരിചിതമായ കടൽതീരങ്ങൾ ദൃഷ്ടിയിൽ നിന്നു മാഞ്ഞുപോകാൻ അനുവദിച്ചാൽ മാത്രമേ പുതിയ തീരങ്ങൾ കണ്ടെത്താൻ ആവുകയുള്ളു.

ഇതേ രീതിയിൽ പുതിയ ചക്രവാളങ്ങൾ കണ്ടെത്തുവാൻ നാം ഒരു വെല്ലുവിളി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ചില റിസ്കുകൾ എടുക്കേണ്ടിവരും,

ഇൻഡോർ കി റാണി എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട റാണി മരിയ ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾക്ക് വകവെയ്ക്കാതെ ചില റിസ്കുകൾ എടുത്തു, വടക്കേ ഇന്ത്യയിലെ അടിച്ചമർത്തപ്പെട്ട വർക്കും പാവങ്ങൾക്കും ഒരു താങ്ങും തണലുമായി മാറി. ശബ്ദമി ല്ലാത്തവർക്ക് ഒരു ശബ്ദമായി മാറി.

വിശുദ്ധ ഡാമിയൻ ചില റിസ്കുകൾ എടുത്തു. കുഷ്ടരോ ഗികളുടെ ദ്വീപിൽ ശുശ്രൂഷയ്ക്ക് പോയപ്പോൾ, സ്വജീവനാണ് നിസ്വാർത്ഥതയുടെ അൾത്താരയിൽ ബലിയായി സമർപ്പിച്ചത്. തെരേസ എന്ന സാധാരണ കന്യാസ്ത്രീ ചില റിസ്കുകൾ എടുത്ത പ്പോഴാണ് പാവങ്ങളുടെ അമ്മയായി മാറിയത്. എന്തിനു.... ഞങ്ങൾ കപ്പൂ ച്ചിൻസിന്റെ പിതാവും സ്ഥാപകനുമായ വിശുദ്ധ ഫ്രാൻസീസ് റിസ്കുക ളുടെ പാതയിലൂടെ നടന്നാണ് രണ്ടാം ക്രിസ്തുവായി മാറിയത്.

നമ്മുടെ ഓരോരുത്തരുടേയും ജീവിതങ്ങൾ പോരാടി വിജ യിക്കുവാനുള്ളതാണ്. ഈ പോരാട്ടങ്ങൾ തീർച്ചയായും റിസ്കുകൾ അല്ലെങ്കിൽ വെല്ലുവിളികൾ നിറഞ്ഞതാണ്. ആ വെല്ലുവിളികളെ നാം ഭയപ്പെടേണ്ടതില്ല. കാരണം നമ്മുടെ ഉള്ളിൽ ഉള്ളവൻ പുറമെ യുള്ളവനെക്കാൾ ശക്തനാണ്.

നമ്മൾ ഓരോരുത്തരുടേയും ഉള്ളിലുള്ള ആ പ്രോജ്ജ്വല മായ ഉൾകരുത്ത് ഒരു മഹാവിസ്ഫോടനായി പുറത്തുവരുവാൻ നമ്മളെ കാത്തിരിക്കുന്ന വെല്ലുവിളികൾ നിദാനമാകട്ടെ.



## ഞാൻ വരവായ്

- മൂക്കൻ ദേവസ്സി (ഡേവി) ജിജോ + മരിയ
  മകൻ **എലോൺ (ആന്റണി)**
- നൊങ്കാരി ആരോഗ്യ മാർട്ടിൻ രാജ് + സുകന്യ
  മക്കൾ **ക്രിസ്റ്റി (സ്ട്രീവാക്ക് എൻ. എ.)**
  **ക്രിസ്റ്റോ (ബ്രിട്ട്ലി എൻ. എ.)**

# സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷികം





കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയിലെ സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷിക ആഘോഷം 2024 ജൂലൈ 21 ഞായറാഴ്ച വൈകീട്ട് 6 മണിക്ക് പള്ളി പാരിഷ്ഹാളിൽ വെച്ച് പ്രസിഡന്റ് പോയ്സ് ജേബിയുടെ അദ്ധ്യക്ഷതയിൽ കൂടി.

യോഗം ഇടവക വികാരി ഫാ. ഡെയ്സൺ മുണ്ടോപുറം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ജെയ്മോൻ സ്വാഗതവും സെക്രട്ടറി ലാലി വിനയൻ വാർഷിക റിപ്പോർട്ടും, ട്രഷറർ ലിയോൺ ജോർജ്ജ് വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. ബഹു. സിസ്റ്റർ ജെസ്റ്റീന, കൈക്കാരന്മാർ, യൂണിറ്റ് പ്രതിനിധികൾ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ എന്നിവർ ആശംസകൾ നേർന്നു. ഇടവകയിൽ ആരംഭിച്ച പൂവർ ഫണ്ടിലേക്ക് കുടുംബകൂട്ടായ്മയുടെ സംഭാവന ട്രഷറർ ലിയോൺ ജോർജ്ജ് വികാരിയച്ചന് കൈമാറി. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികൾ ഉണ്ടായിരുന്നു. ദേവാലയ ശുശ്രൂഷി 15 വർഷം പൂർത്തിയാക്കിയ വി.എ. ഉല്ലാസനെ പൊന്നാട അണിയിച്ച് ആദരിച്ചു. കെ.എൽ.എം. സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഷൂട്ട്ഔട്ട് മത്സരത്തിലും കെ.സി.വൈ.എം. സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഫുട്ബോൾ ടൂർണ്ണമെന്റിലും നമ്മുടെ കുട്ടികൾക്ക് ഫസ്റ്റ് കിട്ടിയതിന് ആദരം നൽകി.

സമ്മാനദാനത്തിന് ശേഷം ജോയിന്റ് സെക്രട്ടറി അനി ലിയോൺ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടുകൂടി പരിപാടി അവസാനിച്ചു.



# അമ്മ എന്റെ നല്ല അമ്മ

റീന ടീച്ചർ

"അമ്മേ" എന്ന് വിളിക്കാൻ ആഗ്രഹിക്കാത്തവരായി ആരുമില്ല. ഓരോ അമ്മയുടേയും ഗർഭപാത്രത്തിൽ കുഞ്ഞ് ഉരുവാകാൻ പോകുന്ന നിമിഷം. ദൈവത്തിന്റെ ജീവാംശം അവിടെ നിറയപ്പെടുന്നു. അങ്ങനെ ഓരോ മനുഷ്യനിലും ദൈവത്തിന്റെ ശ്വാസം നൽകി, പൂർണ്ണ വളർച്ചയെത്തും വരെ ഗർഭപാത്രം കുഞ്ഞിന് പരിരക്ഷയേകാൻ ദൈവം തെരഞ്ഞെടുത്തു. പൂർണ്ണമായി പാപമേശാത്ത ഒരു ഗർഭപാത്രം, ഉണ്ണീശോയ്ക്ക് ജനിക്കാനും പിതാവായ ദൈവം കരുതിവച്ചു. മനുഷ്യമക്കൾ ഉൽഭവ പാപത്താലാണ് ജനിക്കുന്നതെങ്കിലും പരിശുദ്ധാത്മാവിന്റെ ആലയമായ നമ്മുടെ ശരീരം ദൈവത്തിന്റെ ദാനമാണ്. അതിനാൽ തന്നെ നമ്മുടെ ശരീരത്തിന്മേൽ പൂർണ്ണ നിയന്ത്രണം സൃഷ്ടാവിനു മാത്രമാണ്. 'ഇന്നത്തെ തലമുറയിൽ വികലാംഗരും, അന്ധരും, ഭിന്നശേഷിക്കാരൻ എന്ന സമൂഹവും വിളിക്കുന്ന കുട്ടികളിലൂടെ അത്ഭുതാവഹമായ കഴിവുകളും പ്രവർത്തനങ്ങളും സംഭവിക്കുന്നത്, അപൂർവ്വമല്ലാത്ത കാഴ്ചകളായി മാറിക്കൊണ്ടിരിക്കുന്നു. കാരണം സൃഷ്ടാവിൽ ആശ്രയിച്ചാൽ ചെറിയ ഒരു മാംസപിണ്ഡത്തിൽ പോലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സാധ്യമാകുന്നു.

പത്തുമാസം വളർച്ചയ്ക്ക് ആവശ്യമായതെല്ലാം, ഒപ്പം, അമ്മയുടെ വിചാരങ്ങളും വികാരങ്ങളും സ്വാംശീകരിച്ച് കുഞ്ഞ് വളർച്ചയെത്തുമ്പോൾ, സ്വതന്ത്രമായ ഒരു മാറ്റം ആഗ്രഹിച്ച് സുന്ദരമായ ഈ ലോകത്തിന്റെ ഒരു ഭാഗമായി അവൻ മാറുന്നു. ദൈവത്തിന്റെ ശ്വാസം കൊടുത്ത് ജീവൻ നൽകി, ഉടമസ്ഥാവകാശം നൽകാതെ വളർത്താനായി മാത്രം, അവിടുന്ന് "അമ്മ" എന്ന വലിയ സത്യത്തിന്റെ കൈകളിലേക്ക് കുഞ്ഞിനെ ഭരമേൽപ്പിക്കുന്നു. അവൻ അവിടെ സുരക്ഷിതനാണ്; സ്വതന്ത്രനാണ്. കാരണം ഓരോ കുഞ്ഞിന്റെ ഉത്ഭവ സമയത്തും ദൈവം അമ്മയെ തൊട്ട് ശക്തിപ്പെടുത്തുകയാൽ അവൾ ഈ ലോകത്തിലെ ഏറ്റവും വലിയ പോരാളിയാകുന്നു. 33-ാം വയസ്സിൽ സ്വന്തം പുത്രൻ കുരിശിൽ തൂങ്ങപ്പെട്ട് കിടക്കുന്ന ദുഃസ്സഹമായ അനുഭവത്തിലും "ഇതാ കർത്താവിന്റെ ദാസി" എന്ന പിതാവായ ദൈവത്തോടുള്ള വിധേയത്വം വഴി, മാനവരാ

ശിക്ക് ഈശോ തന്ന ധീരയായ നമ്മുടെ നല്ല അമ്മ "മറിയം" ഓരോരുത്തർക്കും മാതൃകയാണ്. ദൈവം തന്ന മകനെ ദൈവീക പദ്ധതിക്കായി തിരിച്ചേൽപ്പിക്കുന്ന അമ്മയ്ക്ക്, ഓരോ അമ്മമാരുടേയും മക്കളെ കുറിച്ചുള്ള വേദനകളും ഉത്കണ്ഠകളും അറിയാതിരിക്കുമോ?

ആയതിനാൽ പ്രിയ സഹോദരരേ, പ്രഭാഷകന്റെ പുസ്തകം മൂന്നാം അധ്യായത്തിൽ അമ്മയോടുള്ള മനോഭാവത്തെ വിവരിക്കുന്നു. "അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവെക്കുന്നു". "അമ്മയുടെ ശാപം മക്കളുടെ ഭവനങ്ങളുടെ അടിത്തറ ഇളക്കും". "അമ്മയെ അനാദരിക്കുന്നൻ അപകീർത്തിക്കിരയാകും." മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും". ഈശോതന്നെ പറയുന്നു, "കർത്താവിന്റെ ഹിതം നിറവേറ്റുന്നവരാരോ അവരാണ് എന്റെ അമ്മയും സഹോദരരും". അമ്മയുടെ കരങ്ങളിൽ വളർത്താൻ ഏല്പിച്ച മക്കൾ പലതരം സ്വഭാവക്കാരും അമ്മയുടെ ആഗ്രഹത്തിനെതിരായവരുമാകാം. അമ്മയുടെ മരണം വരെ മക്കൾ ജീവിച്ചിരിക്കണമെന്ന് നിർബന്ധവുമില്ല. ഏത് അവസ്ഥയിലാണോ മക്കളെ ദൈവം നൽകിയത് അത് ദൈവഹിതമായി കണ്ട് പൂർണ്ണമായും അവിടുത്തേക്ക് സമർപ്പിച്ച്, നൽകിയവനെ കുറിച്ചുള്ള അറിവ് നൽകി അവിടുത്തെ സ്നേഹത്തിൽ വളർത്തിയാൽ, അവരാണ് ഈശോയുടെ സഹോദരരും അമ്മയും, എന്ന് ഈശോ വ്യക്തമാക്കുന്നുണ്ട്. ഓരോ അമ്മമാരും ഈശോയുടെ സ്വന്തമാകണമെങ്കിൽ ദൈവഹിതത്തിന് മക്കളെ വിട്ടുകൊടുക്കണം. അത് ബുദ്ധിമാന്ദ്യമുള്ളവരോ, ഓട്ടിസമുള്ളവരോ, പഠന വൈകല്യമുള്ളവരോ, ജന്മനാ രോഗമുള്ളവരോ ആരുമായിക്കൊള്ളട്ടെ, ദൈവകരങ്ങളിൽ നിന്ന് നാം സ്വീകരിച്ചാൽ അവർ നമുക്ക് ഭാരമല്ല, മറിച്ച് ദൈവത്തിനുവേണ്ടി അവരെ വളർത്തിയാൽ, ദൈവത്തിന്റെ തന്നെ അമ്മയോ സഹോദരങ്ങളോ ആയി, വി. കൊച്ചുത്രേസ്യായുടെ, അല്ലെങ്കിൽ വി. അഗസ്റ്റീനോസിന്റെ അമ്മയെപ്പോലെ, ഓരോ അമ്മാരും സ്വർഗ്ഗത്തിൽ മഹത്വപ്പെടും എന്ന കാര്യം തീർച്ചയാണ്.


ഇന്നത്തെ തലമുറയിൽ കുഞ്ഞുങ്ങളെ ഭാരമായി കാണുന്നവരുണ്ട്. അതിനു കാരണം മക്കൾ ദൈവത്തിന്റെ ദാനങ്ങളാണെന്ന് അറിവില്ലാതെ, സ്വന്തം കഴിവിൽ കുഞ്ഞുങ്ങൾ ജനിച്ചു എന്ന് വിശ്വസിച്ച് അവരെ വളർത്താൻ, സ്വന്തം ശക്തിയിൽ ആശ്രയിച്ച് ജീവിക്കുമ്പോൾ മക്കൾ ഭാരമാകുന്നു. "ദൈവഭക്തിയാണ് അറിവന്റെ ആരംഭം", ദൈവത്തോട് ഭക്തി ഇല്ലാത്ത മക്കൾ സ്വന്തം ജീവിതവും മക്കളുടെ ജീവിതവും സന്തോഷവും സമാധാനവും ഇല്ലാത്ത അവസ്ഥയിലേക്ക് നയിക്കുന്നു. ഈ അവസ്ഥ കുടുംബങ്ങളിൽ അശാന്തി


നിറക്കുന്നു. ആകയാൽ വചനം പറയുന്നു, "കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു" (പ്രഭാ 3:6). അമ്മയെ സന്തോഷിപ്പിക്കുന്നവന്റെ പ്രാർത്ഥന ദൈവം കേൾക്കും; അവർ ദീർഘകാലം ജീവിക്കും; അവർ ദൈവത്തിന്റെ അനുഗ്രഹത്തിന് പാത്രമാകും; അവരുടെ ഭവനങ്ങൾ ബലവത്താകും; അവർ മഹത്വമാർജ്ജിക്കും; മാത്രമല്ല, "അവിടുന്ന് പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു" (പ്രഭാ. 3:2) ആകയാൽ പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ദൈവം കൽപ്പിച്ചു തന്നതാണെന്ന് പുത്രന്മാരും അവരുടെ ജീവിതപങ്കാളിയും മനസ്സിലാക്കി ജീവിച്ചാൽ മാത്രമേ അവരുടെ കുടുംബജീവിതം സന്തോഷപ്രദമാകൂ. ഇതിനെല്ലാം ലോകരക്ഷകന്റെ അമ്മയായ ലോകമാതാവിന്റെ വിമലഹൃദയം പാപികളും ബലഹീനരുമായ എല്ലാ അമ്മമാരേയും പുത്രന്മാരേയും ഉൾക്കൊണ്ടുകൊണ്ട് ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 04-08-2024 | 3.00 pm | സെന്റ് ജോസഫ് | ചിരിയങ്കണ്ടത്ത് ഡോ. പോൾ സി. റാഫേൽ (മുനിസിപ്പൽ ഓഫീസ് റോഡ്) |
| 04-08-2024 | 4.00 pm | മേരി മാതാ | പൊറത്തൂർ പള്ളിക്കുന്നത്ത് ജോണി ജിൻസൻ (ഐശ്വര്യ റോഡ്, കാണിപ്പയ്യൂർ) |
| 11-08-2024 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ദേവസ്സി അന്തോണി (ചെറുവത്തൂർ റോഡ്, കക്കാട്) |
| 11-08-2024 | 4.00 pm | സെന്റ് തോമസ് | മൂക്കൻ കൊച്ചാപ്പു ദേവസ്സി (ചിറളയം, താഴത്തങ്ങാടി) |
| 18-08-2024 | 3.00 pm | സെന്റ് ജോർജ്ജ് | കാട്ടൂക്കാരൻ റാഫി ലിറ്റി (കോട്ടയിൽ റോഡ്) |
| 18-08-2024 | 4.00 pm | സെന്റ് സേവ്യർ | വാകയിൽ മറിയാമ്മ വർഗ്ഗീസ് (ചിറളയം) |


24 Th
ANNIVERSARY
03-09-2024
Happy Birthday
23-08-2024
Happy Birthday
15-05-2024
Sanvin Jaimy
Sanvi Jaimy
Jaimy & Jilsy
Vellattukara House, Near Fire Station, Kunnamkulam


CELEBRATION
49
ANNIVERSARY
31-08-2024
M.L. Thomachan
Celina Thomachan
Madathiparambil House
Kaniyambal Road, Kunnamkulam
ആശംസകളോടെ :
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



Baptism
ceremony
28-07-2024
BABY
ELON
S/o. Mrs. Mariya Jijo
Mr. Jijo Mooken
Mooken House
Kunnamkulam
Sharing Happiness
Elvira Mary


Happy
15
WEEDDING
ANNIVERSARY
09-08-2024
Manoj
Lini
Vakayil House
Chiralayam
Kunnamkulam
With best compliments from : Mummy, Godwin and Grace


30
HAPPY
ANNIVERSARY
28-08-2024
Ullasan & Jeena
Vazhappilly House
Chiralayam
Kunnamkulam
Best Compliments From :
Anjana & Jijoy | Akhila & Augastine


ആഗസ്റ്റ് 4
വി. വിയാനിദിനം
നമ്മുടെ ഇടവകയിൽ സേവനം ചെയ്ത്
കടന്നുപോയ എല്ലാ വൈദികർക്കും
നമ്മുടെ ഇടവകയിലെ പ്രഥമ വൈദികൻ
റവ. ഫാ. ഫിഡൽ തച്ചിൽ SDBയ്ക്കും
നമ്മുടെ ഇടവകയിൽ
സേവനം ചെയ്തുകൊണ്ടിരിക്കുന്ന
ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്തിനും
നമ്മുടെ വികാരി
റവ. ഫാ. ഡെയ്സൻ മുണ്ടോപുറത്തിനും
അതിരൂപതയിലെ എല്ലാ വൈദികർക്കും
വി. വിയാനി
ദിനാശംസകൾ

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ ജോപോൾ വി. ആലപ്പാട്ട് സ്വാഗതം പറഞ്ഞു.
2. സൗഹൃദ സന്ദർശനത്തിന് എത്തിയ തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രതിനിധിയോഗത്തെ അഭിസംബോധനചെയ്ത് സംസാരിച്ചു. കൈക്കാരൻ ജോപോൾ ആലപ്പാട്ട് പിതാവിന് ബൊക്കെ നൽകി സ്വീകരിച്ചു.
3. ജൂൺ മാസത്തെ വരവ് ചെലവ് കണക്കും റിപ്പോർട്ടും വായിച്ച് പാസ്സാക്കി.
4. ഇടവകാംഗങ്ങളുടെ ശവസംസ്കാര ചടങ്ങിന്, പരേതരോടുള്ള ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നതിനായി, പള്ളിയിൽ നിന്ന് നൽകുന്ന പൊൻകുരിശ് സൗജന്യമായി നൽകാൻ തീരുമാനിച്ചു.
5. ഇടവക പൊതുയോഗം ആഗസ്റ്റ് 25 ഞായാറാഴ്ച രാവിലെ 7.30ന് കൂടുന്നതിനും, ഈ പൊതുയോഗത്തിൽ വെച്ച് കൈക്കാരന്മാരുടെ പാനൽ അംഗീകാരം നൽകുന്നതിനും, ഇടവക തിരുനാൾ കമ്മിറ്റി മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനും, ഇടവക തിരട്ട് പാസ്സാക്കുന്നതിനും തീരുമാനിച്ചു.
6. പള്ളിയിലെ കണക്ക് എഴുതിക്കൊണ്ടിരിക്കുന്ന അക്കൗണ്ടന്റ് എം. ആർ. ആന്റോയെ ഈ ടേം കഴിയുന്നതുവരെ കണക്കെഴുത്തിന് സഹായിക്കാൻ എം.എൽ. സുനിലിനെ ചുമതലപ്പെടുത്തി.
6. സെന്റ് മേരീസ് കപ്പോളയിലെ ചെറിയ തിരുനാൾ സെപ്തംബർ 8 ഞായറാഴ്ച നടത്തുന്നതിനും, ചെറിയതിരുനാൾ കമ്മിറ്റിയുടെ അംഗങ്ങളായി താഴെ പറയുന്നവരേയും തെരഞ്ഞെടുത്തു.

| | | |
|---|---|---|
| ചെയർമാൻ | : | ഡെയ്സൺ മുണ്ടോപുറം |
| വൈസ് ചെയർമാൻമാർ | : | സിസ്റ്റർ ആൻജോസ് സി.എം.സി. |
| | | ജോപോൾ വി. ആലപ്പാട്ട് |
| | | എം.എൽ. മാണി |
| | | പോയ്സ് ജേബി |
| ജന. കൺവീനർ | : | ഫ്ളോറൻസ് ലോയ്ഡ് |
| ജോ. ജന. കൺവീനർ | : | കെ.ജി. ബാബു |
| ഫിനാൻസ് കൺവീനർ | : | ലിയോൺ ജോർജ്ജ് |
| ലിറ്റർജി കൺവീനർ | : | ജാൻസി ആന്റോ |
| വർണ്ണമഴ കൺവീനർ | : | പി.ആർ. സജി |
| ഫുഡ് കൺവീനർ | : | വി.ജെ. സുനിൽ |
| പ്രസഷൻ കൺവീനർ | : | സി.എം. സാംസൺ |

# മറിയം സ്വർഗ്ഗാരോപിത

സിസ്റ്റർ ജെസ്റ്റിന CMC



വാനോളം ഉയരാനുള്ള വിശുദ്ധിയും ധരയോളം താഴാനുള്ള എളിമയുള്ള ഒരു അമ്മയുടെ തിരുനാളാണ് ഓഗസ്റ്റ് 15-ാം തീയ്യതി നമ്മൾ കൊണ്ടാടുന്നത്.

12-ാം പീയൂസ് മാർപാപ്പ 1950 നവംബർ 1-ാം തിയ്യതി മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. ആ അവസരത്തിൽ പരിശുദ്ധ പിതാവ് പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്; അനാദികാലം മുതൽ ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പിനാൽ ദൈവത്തിന്റെ അമ്മ യേശുക്രിസ്തുവുമായി അഭൗമികമായി ഐക്യപ്പെട്ടു.

ഉത്ഭവത്തിൽ അവൾ അമലയായിരുന്നു. മാതൃത്വത്തിൽ കറപുരളാത്ത കന്യകയും രക്ഷണീയ കർമ്മത്തിൽ ദിവ്യരക്ഷകന്റെ ഉന്നതമായ സഹചാരിയും. ഇപ്രകാരം വൈവിധ്യങ്ങളായ വരങ്ങളാൽ മറിയത്തെ നിറയ്ക്കുകയും അവസാനം ശരീരത്തിന്റെ അഴുകലിൽ നിന്ന് അവളെ സ്വതന്ത്രയാക്കുകയും ചെയ്തു. തന്മൂലം എല്ലാകാലങ്ങളും രാജാവായ തന്റെ പുത്രന്റെ വലതുഭാഗത്ത് മഹത്വപൂർണ്ണയായി വിരാജിക്കാൻ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിൽ അവൾ അർഹയാവുകയും ചെയ്തു.

മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് ഇപ്രകാരമാണ്; ജന്മപാപത്തിന്റെ എല്ലാ കറകളിൽ നിന്നും സ്വതന്ത്രയായിരുന്ന നിർമല കന്യക ഈ ലോകാവസാനത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് ആരോപിതയായി. ഇതിനും പുറമേ നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ മുഴുവൻ രാജ്ഞിയായി വാഴിച്ചു. ഇത് കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും ജയിച്ചവനുമായ തന്റെ തിരുസുതനോട് അവൾ കൂടുതലായി അനുരൂപപ്പെട്ടുവാൻ വേണ്ടിയായിരുന്നു.

വിശുദ്ധ ജോൺ ഡമഷീൻ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നുണ്ട് ദൈവവചനത്തെ അനുസരിച്ചവളും പരിശുദ്ധാരൂപിയാൽ പൂരിതയായവളും മരണം ഇല്ലാത്തവന് ജന്മം നൽകിയവളുമായ മറിയത്തിന്റെ ശരീരം അഴിയപ്പെടാൻ ദൈവം അനുവദിക്കുമോ? നശിപ്പിക്കാൻ കഴിയാത്ത ദേവാലയവും

അണക്കാൻ കഴിയാത്ത ദീപവും പരിശുദ്ധമായ പേടകവും വചനത്തിന്റെ വാസസ്ഥലവുമാണ് മറിയം.

മനുഷ്യനായി അവതരിച്ച ക്രിസ്തുവിനോടൊത്ത് തീർത്ഥാടനം ചെയ്യുന്ന സഭയുടെ പ്രതീക്ഷയും പ്രത്യാശയുമാണ് മറിയം. ഈ ലോകത്തിലെ ജീവിതം നശ്വരമാണെന്നും അനശ്വരമായ ലോകത്തിലേക്കുള്ള യാത്രയാണ് ഇതെന്നും മറിയം തന്റെ സ്വർഗ്ഗാരോപണത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. ഒപ്പം സ്വർഗ്ഗം എന്ന സങ്കേതത്തെ ലക്ഷ്യം വെച്ചു മുന്നേറാൻ പരിശുദ്ധ അമ്മ മനുഷ്യമക്കളെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

### കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

## 2K24 യുവജന വർഷ കോർ ടീം

*ഡയറക്ടർ*




റവ. ഫാ. ഡെയ്സൺ മുണ്ടോപുറം
✆ 96566 54567

*കോ - ഓഡിനേറ്റർ*



ജോപോൾ വി. ആലപ്പാട്ട്
✆ 94467 23804

*കൺവീനർ*



ബിന്നി സി.ഡി.
✆ 9249787123

*ജോ. കൺവീനർ*



ജെസ്ന സി.ജെ.
✆ 97473 17893


*കമ്മിറ്റി അംഗങ്ങൾ*



കൃപദാസ് പി.ജെ.
✆ 70345 95049



സാന്ദ്ര എം. സുനിൽ
✆ 85929 93147



ആൽഫിൻ പി. റൊണാൾഡ്
✆ 95392 95195



റോസ് മിസ്റ്റിക്ക സിജോ
✆ 97450 28574



ജോൺ ഇമ്മാനുവേൽ
✆ 70124 51939

**യൂണിറ്റ് ഇൻ ചാർജ്ജ്**

*സെന്റ് ആന്റണിസ്*
ഷിയോൺ ജോസി വി.
മെർലിൻ സി.ടി.

*സെന്റ് ജോർജ്ജ്*
ആൽഫിൻ പി. റൊണാൾഡ്
അഞ്ജലി മരിയ ഷാജി

*മേരി മാതാ*
സ്നേഹ ലോയ്ഡ്
സെനിറ്റ് സുനിൽ


*സെന്റ് ജോസഫ്*
ശില്പ ഇ.ആർ.
അഫ്രിൻ ബെൻ

*സെന്റ് തോമസ്*
രാഹുൽ സുരേഷ്
സിയ സി. ഷാജു

*സെന്റ് സേവ്യർ*
സാന്ദ്ര എം. സുനിൽ
ആൽബിൻ എ. സജി

# O C D

## (Obsessive Compulsive Disorder)



ഡോ. പോൾ സി. റാഫേൽ

ഓസിഡി ഗൗരവമുള്ള ഒരു മാനസിക രോഗാവസ്ഥയാണ്. Obsessive Compulsive Disorder എന്നാണ് ഇതിന്റെ പൂർണ്ണരൂപം. രോഗിയുടെ സമ്മതമില്ലാതെ മനസ്സിലേക്ക് ഇരച്ചുകയറുന്ന അസഹ്യ മായ ചിന്തകൾ (Obsessions) അതിൽ നിന്ന് താത്കാലിക ആശ്വാസം കിട്ടാൻ ആവർത്തിച്ചു ചെയ്യേണ്ടിവരുന്ന പ്രവർത്തികൾ (Compulsions) ആണ് ഈ രോഗത്തിൽ ഉണ്ടാകുന്നത്. ഏറ്റവും കൂടുതൽ കണ്ടുവരുന്ന ഓസിഡി ആണ് "വൃത്തികൂടുതൽ", അത്‌വെച്ച് തന്നെ വിശദീകരിക്കാം.

ഒരു കൂട്ടം സുഹൃത്തുക്കൾ ഒരുമിച്ചു ഇരുന്ന് കേക്ക് കഴിക്കുന്നു. ശേഷം എല്ലാവരും പോയി കൈ കഴുകുന്നു. പിന്നീട് അവർ എല്ലാവരും കൂടി സിനിമ കാണാൻ പോകുന്നു. ആഘോഷമായി സിനിമ കാണുന്നു. എന്നാൽ ഇതിൽ ഒരാൾക്ക് മാത്രം കൈ അത്ര വൃത്തിയായില്ല എന്നൊരു തോന്നൽ ഉണ്ടാകുന്നു. അയാൾക്ക് തന്നെ അറിയാം. അയാൾ നന്നായി കൈ കഴുകിയതാണ്, ഈ തോന്നൽ അനാവശ്യം ആണെന്ന്. പക്ഷേ ആ തോന്നൽ അയാളുടെ മനസ്സിനെ അലട്ടിക്കൊണ്ടേ ഇരിക്കുന്നു. (Obsessions) ബാക്കി എല്ലാവരും സിനിമ ആസ്വദിച്ച് ആർത്തു വിളിക്കുന്നു. ഇയാൾ മാത്രം തീയറ്ററിൽ ഇരുന്ന് വീർപ്പുമുട്ടുകയാണ്. സഹിക്കാൻ പറ്റുന്നില്ല ഈ ചിന്ത ഒടുവിൽ അയാൾ ഒന്നുകൂടി കൈ കഴുകാൻ തീരുമാനിച്ചു. വളരെ സമയം എടുത്തു നന്നായി കൈ കഴുകി വന്നു വീണ്ടും സിനിമ ശ്രദ്ധിച്ചു. കുറച്ചു സമയത്തേക്ക് ഒരു ആശ്വാസം തോന്നി. പക്ഷേ വീണ്ടും അതേ ചിന്ത തലപൊക്കി. വൃത്തിയായില്ല, ഒന്നുകൂടി പോയി കൈ കഴുകണം, മനസ്സ് അയാളോട് പറഞ്ഞു. വീണ്ടും പോയി കൈ കഴുകിയിട്ട് വന്നു. ഇതു തുടർന്നുകൊണ്ടേ ഇരുന്നു (Compulsions) സിനിമയിൽ കഥ ശ്രദ്ധിക്കാനോ മനസ്സിലാക്കാനോ പറ്റുന്നില്ല. ഇടയ്ക്കിടയ്ക്ക് എഴുന്നേൽക്കുന്നതിന് പിറകിൽ ഇരിക്കുന്നവർ അയാളെ ചീത്ത പറയാൻ തുടങ്ങി. അയാൾക്ക് തന്നോടു തന്നെ വെറുപ്പ് തോന്നി. ഒടുവിൽ അയാൾ തീയേറ്റർ വിട്ട് വീട്ടിലേക്ക് ഓടി. ഈ പ്രശ്നം കാരണം അയാൾ അനുഭവിക്കുന്ന മാനസിക സംഘർഷം, അയാൾക്കു നഷ്ടപ്പെടുന്ന സമയം, അയാളുടെ കുടുംബജീവിതത്തിലും ജോലിയിലും വിനോദത്തിലും ഏൽക്കുന്ന ആഘാതം അതാണ് ഒ.സി.ഡി.

ലോകത്ത് ഒന്ന് മുതൽ മൂന്നു ശതമാനം വരെ ആളുകൾക്ക് ഒ.സി.ഡി. ഉണ്ടാകാം എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കൗമാരപ്രായത്തിലാണ് മിക്കപ്പോഴും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്.

അമിതവൃത്തി, തനിക്കോ തന്റെ പ്രിയപ്പെട്ടവർക്കോ അപകടം സംഭവിക്കുമോ എന്ന ഭയം, പ്രിയപ്പെട്ടവരെ താൻ അപകടപ്പെടുത്തുമോ എന്ന ഭയം, തന്റെ ശരീര ഭാഗങ്ങൾക്ക് അഭംഗി ഉണ്ടെന്ന തോന്നൽ, അമിത ലൈംഗിക ചിന്തകൾ ഇങ്ങനെ പലരൂപത്തിൽ ഇവ പ്രത്യക്ഷപ്പെടാം.

**എന്തുകൊണ്ട് ഓസിഡി ഉണ്ടാകുന്നു?**

മുമ്പ് പറഞ്ഞ ഉദാഹരണത്തിൽ കേക്ക് കഴിച്ച കൈ അഴുക്കായി എന്ന് മനസ്സിലാക്കുക, വാഷ് ബേസിന് അടുത്തേക്ക് നടക്കുക, കൈ കഴുകുക, കൈ വൃത്തിയായി എന്ന് സ്വയം ബോധ്യപ്പെടുക ഇത്രയും കാര്യങ്ങൾ ക്രമമായി ചെയ്യാൻ സഹായിക്കുന്നത് തലച്ചോറിലെ ഒരു സർക്യൂട്ട് ആണ്. കൃത്യമായി പറഞ്ഞാൽ Cortico Striato Thalamic Circuit (CSTC), യുക്തിപരമായി ചിന്തിക്കാനും പ്രവർത്തിക്കാനും നമ്മളെ സഹായിക്കുന്നത് CSTC ആണ്. ഈ സർക്യൂട്ടിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ ഒരേ ചിന്തകളും പ്രവർത്തികളും ആവർത്തിച്ചു മനസ്സിലേക്ക് കടന്നുവരാം. ഓസിഡിയിൽ ഇതാണ് സംഭവിക്കുന്നത്. സെറോട്ടോണിൻ, ഡോപമിൻ തുടങ്ങിയ രാസ തന്മാത്രകളുടെ ഏറ്റക്കുറച്ചിലിന് ഇതിൽ വലിയ പങ്കുണ്ട്.

**എന്താണ് ചികിത്സ?**

സെറോടോണിൻ, ഡോപ്പമിൻ എന്നിവയുടെ അളവ് ക്രമീകരിക്കുന്ന മരുന്നുകൾ, ചിന്തകളോട് പ്രതികരിക്കുന്ന രീതി മാറ്റിയെടുക്കാൻ ഉള്ള ശാസ്ത്രീയമായ തെറാപ്പി (കോഗ്നിറ്റീവ് ബിഹേവിയറൽ തെറാപ്പി) വഴി ഓസിഡി ഫലപ്രദമായി ചികിത്സിക്കാം.

# ഇടവകയിലേയ്ക്ക് സ്വാഗതം

പട്ടാമ്പി ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് തോമസ് കുടുംബ കൂട്ടായ്മയിൽ അംഗമായ
**പാണേങ്ങാടൻ ഷാജിയ്ക്കും കുടുംബത്തിനും**

പൊന്നാനി ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് തോമസ് കൂട്ടായ്മയിൽ അംഗമായ
**കുഴിപ്പള്ളിൽ വർഗ്ഗീസിനും കുടുംബത്തിനും**

പാളയം കോട്ടയ് ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് തോമസ് കൂട്ടായ്മയിൽ അംഗമായ
**നൊങ്കാരി അരുമൈനാഥനും കുടുംബത്തിനും**

പാളയം കോട്ടയ് ഇടവകയിൽ നിന്നും, നമ്മുടെ ഇടവകയിൽ ചേർന്ന്
സെന്റ് സേവ്യർ കൂട്ടായ്മയിൽ അംഗമായ
**നൊങ്കാരി ആരോഗ്യ മാർട്ടിൻരാജിനും കുടുംബത്തിനും**

ഇടവകയിലേക്ക് സ്വാഗതം

## സംഘടനാ വാർത്തകൾ

**തിരുബാലസഖ്യം**

* ജൂലൈ 7 ഞായറാഴ്ച രാവിലെ 10.30ന് തിരുബാലസഖ്യം അംഗങ്ങൾ വിശ്വാസ പ്രഘോഷണ റാലി നടത്തി.
* ജൂലൈ 16ന് പരി. കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ വൈകീട്ട് 4.30ന് ആരാധനയോടെ പ്രാർത്ഥന ശുശ്രൂഷയും 5 മണിക്ക് വി. കുർബാനാർപ്പണവും ചേർത്തുവെച്ച് തിരുബാലസഖ്യ പ്രെയർ ഡേ ആചരിച്ചു.

**ജൂനിയർ സി.എൽ.സി.**

* ജൂനിയർ സി.എൽ.സി. അംഗങ്ങൾ ജൂലൈ 14ന് രാവിലെ 10.30ന് കുടുംബകൂട്ടായ്മകൾക്കായുള്ള ലയോള ക്വിസ് സംഘടിപ്പിച്ചു.
* ഇഗ്നേഷ്യൻ കളറിങ്ങ് മത്സരവും ജൂലൈ 21 ഞായറാഴ്ച രാവിലെ 10.30ന് നടത്തി.

**യുവജന വർഷ കമ്മിറ്റി**

* ജൂലൈ 3ന് ഇടവക തലത്തിൽ യുവജനവർഷം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ യുവജന സംഘടനകളായ കെ.സി. വൈ.എം.ന്റേയും യൂത്ത് സി.എൽ.സി.യുടേയും ജീസസ് യൂത്തിന്റേയും പ്രസിഡന്റുമാർ ഒത്തുചേർന്നാണ് ഉദ്ഘാടനം നിർവ്വഹിച്ചത് യുവജനവർഷ ലഘുലേഖ തൃശ്ശൂർ അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ഡെയ്ജോ പുറത്തൂർ പ്രകാശനം

**സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുന്നംകുളം**
**കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ**

**സൗജന്യ ആയുർവ്വേദ-ഹോമിയോ മെഡിക്കൽ ക്യാമ്പ്**

2024 ആഗസ്റ്റ് 11
ഞായറാഴ്ച
രാവിലെ 10.30 മുതൽ
ഉച്ചക്ക് 1 മണി വരെ

*സ്ഥലം : പാരിഷ് ഹാൾ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്*

ഡോക്ടർമാർ നിർദ്ദേശിക്കുന്ന ആയുർവ്വേദ ഹോമിയോ മരുന്നുകൾ സൗജന്യമായി ലഭിക്കും

ക്യാമ്പ് നയിക്കുന്നവർ :

ഡോ. പൂജ ഫ്രാൻസീസ്, ഡോ. ഹന്നീനി ജോഫി, ഡോ. നിഖിൽ ജോസ്, ഡോ. ആതിര സുരേഷ് ബാബു

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ**
**9249888232, 7907721361, 9447615901**

ചെയ്തു. ഏഴിന പദ്ധതികളോടെ യുവജനവർഷം കൊണ്ടാടാനായി തീരുമാനിച്ചു.

* ജൂലൈ 16 ചൊവ്വാഴ്ച വൈകീട്ട് 6 മുതൽ 9 വരെ ഇടവകയിലെ യുവജനങ്ങൾക്കായി യുവജന ഏകദിന ധ്യാനം നടത്തി. ഇടവകയിലെ 15 മുതൽ 35 വയസ്സ് ഉൾപ്പെടെയുള്ള എല്ലാ യുവതീയുവാക്കളും ധ്യാനത്തിൽ സജീവമായി പങ്കെടുത്തു.

**യൂത്ത് സി.എൽ.സി.**

യൂത്ത് സി.എൽ.സി. ദിനാചരണത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മകൾക്കായുള്ള ഷട്ടിൽ ടൂർണ്ണമെന്റ് ജൂലൈ 28 ഞായറാഴ്ച വൈകീട്ട് 2 മണിക്ക് നടത്തി.

**കെ.സി.വൈ.എം.**

ജൂലൈ 3ന് രാവിലെ 6.30ന് ദുക്റാന തിരുനാളിന്റെ ബലിയർപ്പണത്തിനുശേഷം കെ.സി.വൈ.എം. പതാക വന്ദനവും തുടർന്ന് പാലയൂരിലേക്ക് ബൈക്ക് റാലിയും പിന്നീട് വൈകീട്ട് 6 മണിക്ക് കെ.സി.വൈ.എം. വാർഷിക പൊതുസമ്മേളനം തൃശൂർ അതിരൂപത വൈസ് ചാൻസലർ റവ. ഫാ. ഡെയ്ജോ പുറത്തൂർ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിശ്വാസ പരിശീലന മികവ് തെളിയിച്ച എല്ലാ വിദ്യാർത്ഥികൾക്കും ആദരം നൽകി. ഒപ്പം കെ.സി.വൈ.എം. ദിനത്തിനോടൊരുക്കമായി നടത്തിയ ഫുട്ബോൾ ടൂർണ്ണമെന്റിന്റെ വിജയികൾക്കും സാന്തോ എക്സ്പോയുടെ ഭാഗമായി നടത്തിയ സാന്തോം ക്വിസിന്റെ വിജയികൾക്കും സമ്മാനദാനം നടത്തി. പൊതുസമ്മേളന വാർഷികത്തിനുശേഷം കലാവിരുന്നായിട്ടുള്ള ഡി.ജെ.യും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**അൾത്താരസംഘം**

* അൾത്താരസംഘദിനത്തോടൊരുക്കമായ എ.പി.എ. ഫെസറ്റ് ആരംഭിച്ചു. 14-ാം തിയ്യതി കേരംസ് - ചെസ്സ് ടൂർണ്ണമെന്റുകളും ജൂലൈ 21ന് ഫുട്ബോൾ ക്രിക്കറ്റ് ടൂർണ്ണമെന്റും 28ന് സ്പോർട്സ് ഗെയിംസും ഷട്ടിൽ ടൂർണ്ണമെന്റും നടത്തപ്പെട്ടു.
* അൾത്താരസംഘാംഗങ്ങളുടെ പ്രെയർഡേയും വി. അന്നയുടേയും വി. ജോവാക്കിമിന്റേയും തിരുനാൾ ജൂലൈ 27 ശനിയാഴ്ച വൈകീട്ട് 5.30ന് കൊണ്ടാടി.

## ഞാൻ യാത്രയായ്



**കുറ്റിക്കാട്ട് നെയ്യൻ ജോൺ കൊച്ചുമറിയം** (89 വയസ്സ്)


17 – 07 – 2024

(സെന്റ് തോമസ് കുടുംബകൂട്ടായ്മ)

## ഇടവക ആൽബം
### 2024 : ജൂലൈ

യുവജന വർഷ യുവജന ഏകദിന ധ്യാനം











കർമ്മലാദരം 2024







തിരുബാലസഖ്യ പ്രയർ ഡേ






തിരുബാലസഖ്യ അംഗത്വ സ്വീകരണം

വിശ്വാസപ്രഘോഷണ റാലി



© MEDIA CELL KKM

36th

**Death Anniversary**

18-11-2024

34th

**Death Anniversary**

23-08-2024





**കിഴക്കൂട്ട്**

**ദേവസ്സി വൈദ്യർ**

**കിഴക്കൂട്ട്**

**ദേവസ്സി വൈദ്യർ ഭാര്യ**

**മോനിക്ക**

പ്രാർത്ഥനാപൂർവ്വം

സ്നേഹസ്മരണകളോടെ

മക്കൾ - മരുമക്കൾ - പേരക്കുട്ടികൾ

**തൃശൂർ അതിരൂപത സഹായ മെത്രാൻ അഭി. മാർ ടോണി നീലങ്കാവിൽ പിതാവ് ഇടവകയിലേക്ക് സൗഹൃദസന്ദർശനത്തിന് എത്തിച്ചേർന്നപ്പോൾ...**







## സ്മരണാഞ്ജലി




**വടക്കൂട്ട്**
**ചാക്കുണ്ണി ഭാര്യ**

## ഏല്യ

**കിഴക്കേ അങ്ങാടി**
**കുന്നംകുളം**

| ജനനം | മരണം |
| --- | --- |
| 15 – 10 – 1933 | 22 – 08 – 2002 |

**സ്മരണകളോടെ : മക്കൾ, മരുമക്കൾ, പേരക്കിടാങ്ങൾ**

## വഴിവിളക്ക്

# അപ്പസ്തോലന്മാർ

**വി. ബർത്തലോമിയോ**

| | |
|---|---|
| പേരിന്റെ അർത്ഥം | - ടോൾമിയുടെ പുത്രൻ |
| മറ്റുനാമങ്ങൾ | - നാഥാനിയേൽ |
| തോൽപ്പണിക്കാരുടെ മദ്ധ്യസ്ഥസൻ | - വി. ബർത്തലോമിയോ |
| ഗോത്രം | - ഇസാക്കർ |
| സ്വദേശം | - കാനാ |
| ചിഹ്നം | - ഒരു വലിയ കത്തി |
| തൊഴിൽ | - മീൻപിടുത്തം |
| സുവിശേഷപ്രഘോഷണം | - ലക്കോണിയാ, അർമേനിയാ, ഹൈരാപ്പോളീസ്, കല്യാൺ |
| ജീവിതസമർപ്പണം | - ക്രിസ്തുവർഷം 62ൽ കല്യാണിൽ |
| ഓർമ്മദിനങ്ങൾ | - പൗരസ്ത്യ: ജൂൺ 11 ലത്തീൻ - ആഗസ്റ്റ് 24 |

***സന്ദേശം***

വിദൂരദേശമായ ഇന്ത്യയിൽ വന്ന് സത്യവിശ്വാസത്തിന്റെ സദ്വാർത്ത പകർന്ന ബർത്തലോമിയെ ആദരിക്കാൻ നമുക്ക് കടമയുണ്ട്. കഠോരമായ പീഢനങ്ങൾക്കിടയിലും യേശു നാഥനിലുള്ള വിശ്വാസം ഏറ്റുപറയുവാൻ ചങ്കൂറ്റം കാട്ടിയ വിശുദ്ധ ബർത്തലോമ്യയുടെ ധീരത നമ്മളും അനുകരിക്കണം. ക്രിസ്തുവിനെപ്പോലെ തന്നെ അപ്പസ്തോലനും സത്യത്തിനു സാക്ഷ്യം നൽകാൻ എപ്പോഴും സന്നദ്ധനായിരുന്നു. വിശ്വസിക്കുന്ന ഏവരുടേയും രക്ഷയ്ക്കുതകുന്ന സാക്ഷാത്തായ ദൈവീക ശക്തിതന്നെയാണ് സുവിശേഷമെന്ന് ഉറച്ചു വിശ്വസിച്ചവനാണ് ശ്ലീഹാ. ക്രിസ്തുവിന്റെ ശാന്തതയും വിനയവും അദ്ദേഹം അനുകരിച്ചു. അമ്പദിയാസിന്റെ ശ്ലൈഹിക നടപടികൾ എന്ന ഗ്രന്ഥം വി. ബർത്തോലമിയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങൾ വിവരിക്കുന്നതാണ്.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി
കുന്നംകുളം

# പുസ്തക പരിചയം

സിസ്റ്റർ അൻസ ജോസ് CMC



## സമ്പത്തിന്റെ വേദശാസ്ത്രം

**ഫാദർ റോബർട്ട് ചവറനാനിക്കൽ വി.സി.**

വളരെ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ വിവിധ ഭാഷകളിൽ ലോകമെങ്ങും പ്രചരിച്ച പോട്ടയുടെ ആത്മീയ പുസ്തകം. പോട്ടയിൽ നിന്നുള്ള ബെസ്റ്റ് സെല്ലർ പുസ്തകം. നിങ്ങളുടെ സാമ്പത്തിക മേഖലയിൽ അനുഗ്രഹിക്കപ്പെടാൻ സഹായിക്കുന്ന പുസ്തകം. 75000 കോപ്പികൾ വിവിധ ഭാഷകളിൽ.

സമ്പത്തിന്റെ വേദശാസ്ത്രം എന്ന മനോഹരമായ ഈ പുസ്തകത്തിലൂടെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവദാനമായ സമ്പത്തിനെ കൈകാര്യം ചെയ്യാൻ ആത്മീയ നിർദ്ദേശങ്ങൾ നൽകുകയാണ് ബഹുമാനപ്പെട്ട റോബർട്ട് അച്ചൻ. മനുഷ്യജീവിതത്തിന്റെ സുസ്ഥിതിക്ക് സമ്പത്ത് ആവശ്യമാണ്. ദൈവദാനമായ സമ്പത്ത് നമ്മുടേയും മറ്റുള്ളവരുടേയും നന്മയ്ക്കായി നൽകപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ദൈവഹിതത്തിന് വിരുദ്ധമായി മനുഷ്യൻ സമ്പത്തിന് പിന്നാലെ പോകുമ്പോൾ അത് പലർക്കും തിന്മയ്ക്കും നാശത്തിനും കാരണമാകുന്നു. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഇത് മനസ്സിലാക്കി ജീവിതം ക്രമീകരിക്കുകയാണ് ഇതിന്റെ പരിഹാരം. അതിനാൽ ദൈവദാനമായ സമ്പത്ത് വചനാധിഷ്ഠിതമായി വിനിയോഗിക്കുവാനും ജീവിതം ദൈവപരിപാലനയിൽ ക്രമീകരിക്കുവാനും ഈ പുസ്തകം ഏവർക്കും സഹായകമാണ്. ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കായി സമ്പത്ത് ശേഖരിക്കുന്നയാൾ യേശുവിന്റെ ദൃഷ്ടിയിൽ ഭോഷനാണ്. അതിനാൽ സമ്പത്ത് ദൈവദാനമാണെന്ന് മനസ്സിലാക്കി ദശാംശം നൽകാനും സഹോദരങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കാനും ഈ ആത്മീയഗ്രന്ഥം നമ്മെ സഹായിക്കും. തീർച്ച.

| | |
|---|---|
| പുസ്തകത്തിന്റെ പേര് | : സമ്പത്തിന്റെ വേദശാസ്ത്രം |
| രചന | : ഫാ. റോബർട്ട് ചവറ നാനിക്കൽ വി.സി. |
| വില | : 50 രൂപ |
| പ്രസിദ്ധീകരണം | : വചനോത്സവം പബ്ലിക്കേഷൻസ്, പോട്ട |

# മിഴിവിളക്ക്

## മാർപാപ്പമാർ

**11-ാം നൂറ്റാണ്ട്**

140. സിൽവസ്റ്റർ II (999-1003)
141. ജോൺ XVII (1003-1003)
142. ജോൺ XVIII (1004-1009)
143. സെർജിയസ് IV (1009-1012)
144. ബനഡിക്ട് VIII (1012-1024)
145. ജോൺ XIX (1024-1032)
146. ബനഡിക്ട് IX (1032-1044)
147. സിൽവെസ്റ്റർ II (1045-1045)
148. ബനഡിക്ട് IX (1045-1045)
149. ഗ്രിഗറി VI (1045-1045
150. ക്ലെമന്റ് II (1046-1047)
151. ബനഡിക്ട് IX (1047-1048)
152. ദമാസസ് II (1048-1048)
153. വി. ലെയോ IX (1049-1054)
154. വിക്ടർ II (1055-1057)
155. സ്റ്റീഫൻ X (1057-1059)
156. നിക്കോളാസ് II (1059-1061)
157. അലക്സാണ്ടർ II (1061-1073)
158. ഗ്രിഗറി VII (1073-1085)
159. വിക്ടർ III (1086-1087)
160. ഉർബൻ II (1088-1099)

**12-ാം നൂറ്റാണ്ട്**


161. പാസ്കൽ II (1099-1118)
162. ജലാസിയസ് II (1118-1119)
163. കലിസ്റ്റസ് II (1119-1124)
164. ഒണോരിയസ് II (1124-1130)
165. ഇന്നസെന്റ് II (1130-1143)
166. സെലസ്റ്റിൻ II (1143-1144)
167. ലൂഷിയസ് II (1144-1145)
168. എവുജീനിയസ് III (1145-1153)
169. അനസ്താസിയസ് IV (1153-1154)
170. ഹഡ്രിയൻ IV (1154-1159)
171. അലക്സാണ്ടർ III (1159-1181)
172. ലൂഷിയസ് III (1181-1185)
173. ഉർബൻ III (1185-1187)
174. ക്ലെന്റ് III (1187-1191)
175. സെലസ്റ്റിൻ III (1191-1198)

***വിചിന്തനം :*** പുരോഹിതൻ യേശുവിനെ സ്വന്തമാക്കിയവനാകണം. അറിവും സ്നേഹവും പൗരോഹിത്യത്തിന്റെ രണ്ട് വശങ്ങളാണെന്ന് അറിയുക. അറിവ് സ്നേഹത്തേയും സ്നേഹം അറിവിനേയും ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിയെ മാത്രമല്ല ഹൃദയത്തേയും ഉത്തേജിപ്പിക്കും.

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

തയ്യാറാക്കിയത്

ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം



**അനുമോദനങ്ങൾ**

ജൂൺ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**അന്തിക്കാട്ട് സജി ആൽഡ്രിന്**

***ഇടവകയുടേയും ടച്ച്മീയുടേയും
അനുമോദനങ്ങൾ***

പാചക കോർണർ

# കുരുമുളക് ചതച്ച് ചേർത്ത കേരള കോഴിക്കറി

ബിന്ദു രാജു

കോഴിയിചറച്ചി - 1 കി.
കുരുമുളക് തരുതരിപ്പായി ചതച്ച് എടുത്തത് (പൊടിക്കരുത്) - 2 ടേബിൾസ്പൂൺ
നാരങ്ങനീര് - 2 ടീസ്പൂൺ
സവാള - 3 നീളത്തിൽ കനംകുറച്ച് അരഞ്ഞത്
തക്കാളി - 1 നീളത്തിൽ അരിഞ്ഞത്
പച്ചമുളക് - 2 നീളത്തിൽ അരിഞ്ഞത്
ഇഞ്ചി - ഒരു ചെറിയ കഷണം ചതച്ചെടുത്തത്
വെളുത്തുള്ളി - 5 അല്ലി ചതച്ചെടുത്തത്
കറിവേപ്പില - രണ്ട് തണ്ട്
മഞ്ഞൾപ്പൊടി - 1/2 സ്പൂൺ
ഗരംമസാല - 1 ടീസ്പൂൺ
മല്ലിപ്പൊടി - 2 ടീസ്പൂൺ
പെരുംജീരകം പൊടിച്ചത് - 1/4 ടീസ്പൂൺ
എണ്ണ - 4 ടീസ്പൂൺ
ഉപ്പ് - ആവശ്യത്തിന്



തയ്യാറാക്കുന്ന വിധം


കോഴിയിറച്ചി ചെറിയ കഷണങ്ങൾ ആക്കി നന്നായി കഴുകി വൃത്തിയാക്കി എടുക്കുക. ഈ കഷണങ്ങളിലേക്ക് ചതച്ച് എടുത്ത കുരുമുളകും, മഞ്ഞൾപ്പൊടിയും ഉപ്പും നാരങ്ങ നീരും ചേർത്ത് നന്നായി തേച്ചു പിടിപ്പിക്കുക. അര മണിക്കൂർ ഇത് മാറ്റിവെക്കുക. ഒരു പാനിൽ എണ്ണ ചൂടാക്കി ഇഞ്ചിയും വെളുത്തുള്ളിയും വഴറ്റുക. കറിവേപ്പില ചേർക്കുക. ഇതിലേക്ക് അരിഞ്ഞെടുത്ത സവാള കൂടി ചേർത്ത് വഴറ്റുക. കുറച്ച് ഉപ്പ് ചേർത്താൽ സവാള പെട്ടെന്ന് വഴന്നു കിട്ടും. സവാളയുടെ നിറം ബ്രൗൺ നിറമായി മാറി തുടങ്ങുമ്പോൾ തീ കുറച്ച് ഗരം മസാലയും മല്ലിപ്പൊടിയും പെരുംജീരകവും ചേർത്ത് വഴറ്റുക. പച്ച മണം മാറുമ്പോൾ മാറ്റി വെച്ചിരിക്കുന്ന കോഴിയിറച്ചി ചേർക്കുക. തക്കാളിയും പച്ചമുളകും ചേർക്കുക. നന്നായി കുറച്ചു നേരം ഇളക്കുക. മസാല ചിക്കൻ കഷണങ്ങളിൽ നന്നായി അരപ്പ് ചേർന്നു എന്ന് ഉറപ്പായ ശേഷം അരകപ്പ് വെള്ളം ചേർത്ത് അടച്ച് വെച്ച് വേവിക്കുക. ഇടക്ക് ഇളക്കാൻ മറക്കരുത്. വെള്ളം ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പ് വരുത്തുക. ഇറച്ചി നന്നായി വെന്തുകഴിയുമ്പോൾ അടപ്പ് മാറ്റി കുറച്ചു നേരം കൂടി ഇളക്കി വേവിക്കുക. അടിക്കു പിടിച്ചു കരിയാൻ ഇടയാവരുത്. ചാറു കുറുക്കുമ്പോൾ തീ അണക്കുക. ഈ പെപ്പർ ചിക്കൻ ചപ്പാത്തി, അപ്പം, ചോറ് ഇവയുടെ കൂടെ വളരെ നല്ലതാണ്.

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ............................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :...............................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Maria Rose Leon, Class : LKG , St. Thomas Kudumbakoottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................................... ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :.....................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Delmin Joshy**

Std : IV, St. Joseph Kudumbakoottayma

"എടാ ദാഹിച്ച് വലഞ്ഞു.
കുറച്ചുകൂടി താടാ"

# വചന കലണ്ടർ

# 2024 AUGUST ആഗസ്റ്റ്

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>റോമാ 8:1–11<br>മർക്കോ 12:28–33 | **2**<br>റോമാ 14:13–23<br>മർക്കോ 9:42–50 | **3**<br>റോമാ 2:17–24<br>മത്താ 15:10–20<br>2 കോറി 1:3–7<br>മത്താ 9:35–10:1 |
| **4**<br>ലേവ്യ 16:20–28<br>ഏശ 14:1–15<br>യൂദാ 1:8–13<br>ലൂക്കാ 11:14–26 | **5**<br>വെളി 2:7–12<br>ലൂക്കാ 8:26–39 | **6**<br>ഹെബ്രാ 12:18–29<br>മത്താ 17:1–9 | **7**<br>1 തെസ 4:1–8<br>മത്താ 21:12–17 | **8**<br>1 കോറി 2:1–10<br>ലൂക്കാ 9:57–62 | **9**<br>2 കോറി 6:1–10<br>യോഹ 16:25–33 | **10**<br>വെളി 20:1–6<br>മത്താ 12:38–45<br>ഫിലി 3:8–14<br>മത്താ 19:27–29 |
| **11**<br>ഉത്പ 8:1–11<br>ഉത്തമ 6:1–4<br>വെളി 21:9–14<br>യോഹ 6:16–24 | **12**<br>എഫേ 5:22–33<br>മത്താ 16:13–20 | **13**<br>ശ്ലീഹ 4:32–37<br>ലൂക്കാ 12:22–34 | **14**<br>1 പത്രോ 3:14–17<br>ലൂക്കാ 9:23–26 | **15**<br>പുറ 15:11–18<br>ശ്ലീഹ 1:6–14<br>റോമാ 16:17–27<br>യോഹ 2:1–12 | **16**<br>1 കോറി 6:1–10<br>യോഹ 15:18–21, 16:1–4 | **17**<br>1 കോറി 12:12–27<br>മത്താ 18:15–20 |
| **18**<br>ഉത്പ 6:13–22<br>ജറെ 32:36–41<br>യാക്കോ 4:1–10<br>മത്താ 6:19–24 | **19**<br>1 കോറി 9:24–27<br>മർക്കോ 12:28–34 | **20**<br>2 പത്രോ 1:1–11<br>ലൂക്കാ 12:13–21 | **21**<br>1 തെസ 2:2–4<br>യോഹ 21:15–19 | **22**<br>1 കോറി 6:1–11<br>ലൂക്കാ 6:27–36 | **23**<br>2 കോറി 6:1–11<br>ലൂക്കാ 6:27–36 | **24**<br>1 കോറി 12:27–31<br>ലൂക്കാ 6:12–19 |
| **25**<br>പുറ 34:28–35<br>2 ദിന 5:11–14<br>1 കോറി 15:35–50<br>മർക്കോ 9:2–13 | **26**<br>1 കോറി 2:9–15<br>ലൂക്കാ 23:33–43 | **27**<br>1 യോഹ 1:1–7<br>യോഹ 8:12–20 | **28**<br>2 കോറി 5:14–21<br>മത്താ 5:13–19 | **29**<br>1 തെസ 4:1–8<br>മർക്കോ 10:35–45 | **30**<br>1 കോറി 15:12–22<br>യോഹ 11:17–27 | **31**<br>1 കോറി 15:50–58<br>മത്താ 22:23–33 |


25 YEARS OF TOGETHERNESS
29-08-2024
Jinson & Jinny Jinson
Porathoor Pallikunnath House
Aishwarya Road, Kaniampal
Kunnamkulam
Best Wishes : Anagha Jinson & Anitta Jinson




| Ditto | Steffy |
|---|---|
| S/o. Mr. T.O. Raphel | D/o. Mr. Sunny V.T. |
| Mrs. Tolly Raphel | Mrs. Sheeja Sunny |
| Thattil House | Valiyaveettil House |
| Kattoor | Kurukkanpara, Kunnamkulam |

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM